**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1990** **09-12-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ എത്ര പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് അറിയിക്കുമോ; | (എ) | സർക്കാർ ഉടമസ്ഥതയിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 55 പ്രിൻസിപ്പൽ തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്. |
| (ബി) | പ്രസ്തുത തസ്തികകളിൽ ഇൻറർവ്യൂ നടത്തി ലിസ്റ്റ് പിഎസ് സി അനുവാദത്തോടെ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) | വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് യു.ജി.സി മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും, സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ പ്രൊപ്പോസലുകൾ പരിശോധിക്കുകയും ടി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുകയും 43 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അനവധി പരാതികൾ ലഭിച്ചതിനാൽ സെലക്റ്റ് ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടില്ല. മേൽപ്പട്ടിക ഒരു കരട് പട്ടികയായി പ്രസിദ്ധീകരിച്ച് പരാതികൾ ഉണ്ടെങ്കിൽ അപ്പീൽ കമ്മിറ്റി രൂപീകരിച്ച് പരാതികൾ പരിശോധിച്ച് തീർപ്പു കൽപ്പിച്ചതിനു ശേഷം സ്ഥാനക്കയറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇതിൽ പ്രിൻസിപ്പൽ ആകുവാൻ യോഗ്യരായി ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള അധ്യാപകരുടെ എണ്ണം എത്രയെന്നു അറിയിക്കുമോ; പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമന ഉത്തരവ് നൽകാതിരിക്കുവാനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | വിവിധ സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് യു.ജി.സി മാനദണ്ഡപ്രകാരവും വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരവും യോഗ്യരായവരിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും, സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഈ പ്രൊപ്പോസലുകൾ പരിശോധിക്കുകയും ടി സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്തവരെ ഉൾപ്പെടുത്തി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി ചേരുകയും 43 പേരുടെ പട്ടിക തയ്യാറാക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അനവധി പരാതികൾ ലഭിച്ചതിനാൽ സെലക്റ്റ് ലിസ്റ്റ് അംഗീകരിച്ച് ഉത്തരവായിട്ടില്ല. മേൽപ്പട്ടിക ഒരു കരട് പട്ടികയായി പ്രസിദ്ധീകരിച്ച് പരാതികൾ ഉണ്ടെങ്കിൽ അപ്പീൽ കമ്മിറ്റി രൂപീകരിച്ച് പരാതികൾ പരിശോധിച്ച് തീർപ്പു കൽപ്പിച്ചതിനു ശേഷം സ്ഥാനക്കയറ്റത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | 15 വർഷത്തെ അധ്യാപന പരിചയം ആവശ്യമുള്ള പ്രസ്തുത തസ്തികയ്ക്ക് ഡെപ്യൂട്ടേഷനിൽ അനധ്യാപക ജോലി ചെയ്തിട്ടുള്ള കാലയളവ് കൂടി ഉൾക്കൊള്ളിച്ച് സർക്കാർ ഉത്തരവിറക്കിയത് യു.ജി.സി ചട്ടങ്ങൾക്ക് വിരുദ്ധമാണോയെന്ന് പരിശോധിക്കുമോ; | (ഡി) | സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് യു.ജി.സി മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസിനും നിലവിലെ സർക്കാർ നിയമങ്ങൾക്കും അനുസൃതമായ നിയമന രീതിയാണ് അവലംബിച്ചിട്ടുള്ളത്. |
| (ഇ) | യു.ജി.സി ചട്ടങ്ങൾ കർശനമായി പാലിക്കണമെന്ന സുപ്രീംകോടതി വിധി പാലിക്കുവാൻ സർക്കാർ ബാധ്യസ്ഥമല്ലേ; വിശദമാക്കുമോ? | (ഇ) | സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ നിയമനത്തിന് യു.ജി.സി മാനദണ്ഡങ്ങൾ അംഗീകരിച്ചുകൊണ്ട് വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസിനും നിലവിലെ സർക്കാർ നിയമങ്ങൾക്കും അനുസൃതമായ നിയമന രീതിയാണ് അവലംബിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ